**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1975 11.06.2018 ൽ മറുപടിക്ക്

**<u>മുംബൈ കേരള ഹൗസ് ആഡിറ്റോറിയത്തിന്റെ അമിത വാടക</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുംബൈ കേരള ഹൗസിലെ കോൺഫറൻസ് ഹാൾ/ആഡിറ്റോറിയത്തിന്റെ വാടക അമിതമായി കൂട്ടിയത് മൂലം മുംബൈയിൽ താമസിക്കുന്ന മലയാളികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മുംബൈ കേരള ഹൗസിലെ കോൺഫറൻസ് ഹാളിന്റെ വാടക പരിഷ്കരിച്ചതിനെതിരെ വിവിധ മലയാളി സംഘടനകൾ നൽകിയ പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | കേരള ഹൗസ് പണിയുന്നതിനു ആവശ്യമായ സ്ഥലം മഹാരാഷ്ട്ര സർക്കാർ തുച്ഛമായ വിലയ്ക്ക് നൽകിയതാകയാൽ ഇപ്പോൾ വരുത്തിയിട്ടുള്ള അമിതമായ വർദ്ധനവ് നീതീകരിക്കത്തക്കതല്ലാത്തതിനാൽ ആയത് പിൻവലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ; | (ബി) | മലയാളി സംഘടനകളുടെ ആവശ്യം പരിഗണിച്ച് 23.05.2018 ലെ സ.ഉ (സാധാ) 3308/2018/പൊ.ഭ.വ പ്രകാരം വാടകയിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥലം വ്യാവസായികാവശ്യത്തിന് അനുവദിക്കുന്ന പ്രവണത ഒഴിവാക്കുകയും മുംബൈ കേരള ഹൗസ് സാംസ്കാരിക കേന്ദ്രമാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുമോ;വ്യക്തമാക്കാമോ? | (സി) | മുംബൈ കേരള ഹൗസിലെ സ്ഥലം വ്യാവസായികാവശ്യത്തിന് അനുവദിക്കാറില്ല. മുംബൈ കേരള ഹൗസിലെ കോൺഫറൻസ് ഹാൾ മലയാളി സംഘടനകളുടെയും മറ്റു സാംസ്കാരിക പരിപാടികൾക്ക് കുറഞ്ഞ നിരക്കിൽ അനുവദിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**